(ഡി) പ്രതികൾക്ക് ശിക്ഷ ലഭ്യമായ കേസ്സുകളുടെ എണ്ണം ലഭ്യമാക്കാമോ ?

ഉത്തരം

(എ) 45,962 കേസുകൾ.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) 38,715 കേസുകളിൽ കുറ്റപത്രം കോടതിയിൽ നൽകിയിട്ടുണ്ട്. 4603 കേസുകളിൽ അന്വേഷണം പൂർത്തിയായിട്ടില്ല. 4290 പ്രതികളെ അറസ്റ്റ് ചെയ്യാനുണ്ട്.

(ഡി) 632 കേസുകളിൽ.

മാവോയിസ്റ്റുകളെ അമർച്ച ചെയ്യുന്നതിനുള്ള നടപടികൾ

255 (257) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവോയിസ്റ്റുകൾ സായുധ വിപ്ലവത്തിന് ആഹ്വാനം ചെയ്തിട്ടുള്ളതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ ആക്രമണ കേസുകളിൽ എത്ര എണ്ണത്തിലാണ് മാവോയിസ്റ്റ് സാന്നിധ്യം ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ;

(സി) സംസ്ഥാനത്തെ മാവോയിസ്റ്റുകളുടെ നിരീക്ഷണത്തിനായി എന്തൊക്കെ സംവിധാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) മാവോയിസ്റ്റുകളെ അമർച്ച ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) അത്തരം വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 4 ആക്രമണങ്ങളിൽ മാവോയിസ്റ്റ് സാന്നിദ്ധ്യമുണ്ടെന്ന് സംശയിക്കുന്നു.

(സി & ഡി) സംസ്ഥാനത്ത് മാവോയിസ്റ്റ് സാന്നിദ്ധ്യം നിരീക്ഷിക്കാനും അവരുടെ പ്രവർത്തനം തടയാനും ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ പിന്തുണയോടുകൂടി നിയമപരമായ രീതിയിൽ മാവോയിസ്റ്റ് ഭീഷണി നേരിടുവാൻ വേണ്ട നടപടികളാണ് മുഖ്യമായും കൈക്കൊണ്ടുവരുന്നത്. മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങൾക്കായി പോലീസിനെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു. മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കണ്ണൂർ റേഞ്ച് ഡി.ഐ.ജി.യെ മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങളുടെ മേധാവിയായി നിയമിച്ചിട്ടുണ്ട്.

വനമേഖലയിൽ മാവോയിസ്റ്റുകൾ താവളമാക്കി ഉപയോഗിക്കുന്നത് തടയാൻ വനം വകുപ്പുമായി ചേർന്ന് വിവിധ മുൻകരുതലുകൾ സ്വീകരിക്കുന്നുണ്ട്.

വാഹനാപകടങ്ങളിൽ മരണപ്പെട്ടവർ

256 (258) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഭരണക്കാലയളവിൽ നാളിതുവരെ സംസ്ഥാനത്ത് വാഹനാപകടങ്ങളിലും മറ്റ് വിധ റോഡപകടങ്ങളിലുമായി എത്ര പേർ മരണപ്പെട്ടു എന്ന് വിശദമായി വ്യക്തമാക്കാമോ ;

(ബി) ഇതിൽ ബൈക്കപകടത്തിൽപ്പെട്ട് എത്ര യുവാക്കളാണ് മരണപ്പെട്ടത് എന്ന് വ്യക്തമാക്കാമോ ;

(സി) കോഴിക്കോട് ജില്ലയിൽ എൻ.എച്ച്.-ൽ കോരപ്പുഴ പാലത്തിനും മൂരാട് പാലത്തിനും ഇടയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാഹനാപകടത്തിൽ എത്ര പേർ മരണപ്പെട്ടു എന്നത് വിശദമാക്കാമോ; എൻ.എച്ച്.-ലെ ഈ ഭാഗങ്ങളിൽ വാഹാനാപകടം വർദ്ധിച്ചുവരുന്നതും അപകടമരണം തുടർച്ചയായി സംഭവിക്കുന്നതും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) എൻ.എച്ച്.-ൽ പ്രസ്തുത ഭാഗങ്ങളിൽ അപകടങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള അടിയന്തര നടപടികൾ വിശദമാക്കാമോ ;

(ഇ) വാഹനാപകടങ്ങൾ നിയന്ത്രിക്കുന്നതിന് നടത്തിവരുന്ന പരിപാടികൾ/ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) 14,418 പേർ മരണപ്പെട്ടിട്ടുണ്ട്.

(ബി) 4,021 യുവാക്കളാണ് മരണപ്പെട്ടിട്ടുള്ളത്.

(സി) 134 പേർ മരണപ്പെട്ടിട്ടുണ്ട് ; ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) അപകട മേഖലകളിലും വളവുകളിലും മറ്റും സൈൻ ബോർഡുകൾ സ്ഥാപിക്കുകയും പ്രസ്തുത ഭാഗങ്ങളിൽ ഡ്യൂട്ടിക്കായി പോലീസ് സേനാംഗങ്ങളെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly